ക്രാഫ്റ്റ് അദ്ധ്യാപകന്റെ പോസ്റ്റ്

294. [20] ശ്രീ. പാറയിൽ ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉഴമലയ്ക്കൽ എസ്. എൻ. ഹൈസ്കൂളിലെ (ആറ്റിങ്ങൽ) സ്പിന്നിംഗ് ആൻഡ് വീവിംഗ് ക്രാഫ്റ്റ് അദ്ധ്യാപകന്റെ പോസ്റ്റ് ഈ വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ അനുസരിച്ച് കുറയ്ക്കുകയുണ്ടായോ;

(ബി) അതിനു കാരണമെന്ത്;

(സി) രണ്ടു വിധത്തിലുള്ള ക്രാഫ്റ്റ് പഠിപ്പിക്കുന്ന അദ്ധ്യാപകരുള്ളപ്പോൾ ഏതെങ്കിലും ഒരു ക്രാഫ്റ്റ് മാത്രമാണ് അനുവദിക്കുന്നതെങ്കിൽ സീനിയർ അദ്ധ്യാപകൻ പഠിപ്പിക്കുന്ന ക്രാഫ്റ്റ് നിലനിറുത്തണമെന്ന് നിയമമുണ്ടോ;

(ഡി) ടി സ്കൂളിൽ പേപ്പർ മേക്കിംഗ് ക്രാഫ്റ്റ് ടീച്ചർ ഇപ്പോൾ ഉണ്ടോ;

(ഇ) സ്പിന്നിംഗ് ആൻഡ് വീവിംഗ് പഠനസൗകര്യങ്ങളെക്കുറിച്ച് വിസിറ്റു സമയത്തു ഡി. ഇ. ഓ.-യുടെ അഭിപ്രായം എന്തായിരുന്നു;

(എഫ്) അവിടെ സ്പിന്നിംഗ് ആൻഡ് വീവിംഗ് ക്രാഫ്റ്റ് വീണ്ടും ഏർപ്പെടുത്താൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) ഉണ്ടായി.

(ബി) അദ്ധ്യാപകന്റെ തസ്തിക നിലനിർത്തത്തക്കവണ്ണം പീരിയഡുകൾ ഇല്ലാതിരുന്നതിനാലാണ് പ്രസ്തുത തസ്തിക നിർത്തലാക്കിയതു.

(സി) അങ്ങനെ നിയമമില്ല. എന്നാൽ ക്രാഫ്റ്റ് പഠിപ്പിക്കുന്നതിനുള്ള സൌകര്യങ്ങളും ഉപകരണങ്ങളും പഠിപ്പിക്കുന്ന അദ്ധ്യാപകന്റെ ആ വിഷയത്തിലുള്ള യോഗ്യതയും ഇക്കാര്യത്തിൽ സാധാരണയായി പരിഗണിക്കാറുണ്ടു.

(ഡി) ഉണ്ടു.

(ഇ) "Minimum equipments for Spinning and Weaving have been provided" എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളതു.

(എഫ്) നിലവിലുള്ള നിയമമനുസരിച്ച് സ്പിന്നിംഗ് ആൻഡ് വീവിംഗിനും ഒരു അദ്ധ്യാപകന്റെ തസ്തിക കൂടി അനുവദിക്കുവാൻ നിവൃത്തിയില്ല.

Government Order to reinstate teacher

295. [21] **Shri K. M. George:** Will the Chief Minister be pleased to state:

(a) whether there was one Smt. K. P. Aleyamma, Craft Teacher in the A. M. U. P. School, Vaniyannoor in Malappuram Educational District during the year 1959-'60, 1960-61 and 1961-62;

(b) whether there is a Government order No. 39576/J2/62 Edn. dated 14-7-'63, asking the management to reinstate the above teacher in that school;

(c) is it a fact that till now the manager has not complied with this order;

(d) what steps, if any, have Government taken in this matter;

(e) will Government be pleased to take appropriate steps to reinstate this teacher?

2/154/V.

LIBRARY ARCHIVES Kerala Legislative Assembly

Answer

(a) Yes.

(b) Yes.

(c) Yes.

(d & e) The Manager has preferred an appeal before Government against the order. Any action in the matter can be taken only after the disposal of the appeal petition.

അഴിമതികളാരോപിച്ചുള്ള പെറ്റീഷൻ

296. [23] ശ്രീ. പി. എസ്സ്. ശ്രീനിവാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കം താലൂക്ക്, വെള്ളൂർ വില്ലേജ്, തോന്നല്ലൂർ കരയിൽ പരുത്തിക്കാട്ട് വയ്യേൽ വീട്ടിൽ ശ്രീ. കുട്ടികൃഷ്ണനിൽനിന്ന് 1963 ജൂലൈ മാസത്തിൽ വെള്ളൂർ വില്ലേജാഫീസറായിരുന്ന ശ്രീ. പരമേശ്വരൻപിള്ള തുടങ്ങിയ റവന്യൂ ഉദ്യോഗസ്ഥന്മാരുടെ പേരിൽ അഴിമതികളാരോപിച്ചുകൊണ്ടുള്ള ഒരു പെറ്റീഷൻ ലഭിക്കുകയുണ്ടായോ ?

(ബി) ഉണ്ടെങ്കിൽ അതിന്മേൽ ഇതിനകം എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു ?

ഉത്തരം

(എ) ലഭിക്കുകയുണ്ടായി.

(ബി) നടപടിക്കായി റവന്യൂബോർഡിനു് അയച്ചുകൊടുത്തു.

ഗവണ്മെന്റു് ജീവനക്കാരുടെ വർക്കിംഗ് ടൈം

297. [30] ശ്രീ. എസ്. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെൻറുസർവ്വീസിൽ ഉള്ള ജീവനക്കാരുടെ സാധാരണയുള്ള ഒരു ദിവസത്തെ വർക്കിംഗ് ടൈമിൽ കൂടുതൽ ഏതെങ്കിലും സക്കാർ ഓഫീസുകളിൽ ജോലി എടുപ്പിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്രകൊണ്ട് ;

(സി) ഗവണ്മെൻറു പ്രസ്സുകളിൽ പണി എടുക്കുന്നവരുടെ ഒരു ദിവസത്തെ വർക്കിംഗ് ടൈം എത്ര മണിക്കൂറാണ് ;

(ഡി) അവർക്കും മറ്റു് ആഫീസുകളിലെപ്പോലെ വർക്കിംഗ് ടൈം രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെ ആക്കുവാൻ ദയവുണ്ടാകുമോ ?

ഉത്തരം.

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഗവണ്മെൻറു പ്രസ്സുകളിൽ രണ്ടുവിഭാഗം ജോലിക്കാരുണ്ട്. 1. മിനിസ്റ്റീരിയൽ 2. ടെക്നിക്കൽ. മിനിസ്റ്റീരിയൽ വിഭാഗത്തിൽപ്പെട്ടവർക്ക് 10 മുതൽ 5 വരെ എഴുമണിക്കൂറുകളും ടെക്നിക്കൽവിഭാഗത്തിൽപ്പെട്ടവർക്ക് രാവിലെ 8 മുതൽ വൈകുന്നേരം നാലരവരെ ഒരു വിഭാഗക്കാർക്കും, രാവിലെ 9 മുതൽ അഞ്ചരവരെ മറ്റൊരുവിഭാഗക്കാർക്കും വൈകുന്നേരം നാലര മുതൽ രാത്രി പതിനൊന്നരവരെ വേറൊരു വിഭാഗക്കാർക്കും ജോലിസമയമാകുന്നു. ഒരു സെക്ഷനിൽപ്പെട്ടവർക്ക് രാവിലെ 9.30 മുതൽ വൈകുന്നേരം 5.30 വരേയും സമയം നിശ്ചയിച്ചിട്ടുണ്ട്. രാത്രി ജോലി ചെയ്യുന്ന വിഭാഗക്കാർക്ക് പകൽജോലി ചെയ്യുന്നവരേക്കാൾ ഒരു മണിക്കൂർ സമയക്കുറവുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly